**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2136 — 04.11.2019 ൽ മറുപടിക്ക്

## കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കുമാരപുരം പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് മുമ്പുള്ള ജീവനക്കാരുടെ വിവരം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ആയതിന് ശേഷമുള്ള അധിക തസ്തികയുടെ വിവരം ലഭ്യമാക്കാമോ; | (എ)<br>&<br>(ബി) | കുമാരപുരം പി.എച്ച്.സി.യിൽ നിലവിലുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനു ശേഷമുള്ള ജീവനക്കാരുടെ വിവരം, തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അടിസ്ഥാന സൗകര്യങ്ങളിൽ വന്ന മാറ്റം കൂടി വ്യക്തമാക്കാമോ; | | കുമാരപുരം പി.എച്ച്.സി. യെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തെടുത്ത 504 കേന്ദ്രങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിന്റെ സ്ഥാപനം തിരിച്ചുള്ള ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ |

| ക്രമ നം. | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 |
| 4 | ഫാർമസിസ്റ്റ് | 1 |
| 5 | സ്റ്റാഫ് നഴ്സ് | 4 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 7 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-I | 1 |
| 8 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II | 2 |
| 9 | പി.റ്റി.എസ്. | 1 |
| 10 | ജെ.എച്ച്.ഐ. | 2 |
| 11. | ജെ.പി.എച്ച്.എൻ | 2 |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾക്ക് തുക അനുവദിച്ചതിൽ കുമാരപുരം പി.എച്ച്.സി.ക്ക് 14 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.മുഖേന നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പി.എച്ച്.സി കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ എത്ര അധിക തസ്തികകൾ ആണ് ഒരു സ്ഥലത്ത് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ വർഷം സൃഷ്ടിച്ച 1000 തസ്തികകൾ പുതുതായി തെരഞ്ഞെടുത്ത കുടുംബാരോഗ്യകേന്ദ്രങ്ങളുടെ നിലിവിലുള്ള തസ്തികകൾ, പഞ്ചായത്ത് വഴിയുള്ള താത്കാലിക നിയമനങ്ങൾ നിലവിലെ പ്രവർത്തന സ്ഥിതി (രോഗികളുടെ എണ്ണം) പ്രാദേശിക പിന്നോക്കാവസ്ഥകൾ തുടങ്ങിയ ഘടകങ്ങൾക്ക് പരിഗണന നൽകികൊണ്ട് കുടുംബാരോഗ്യ മാനദണ്ഡവും കണക്കിലെടുത്താണ് തസ്തികകൾ അനുവദിക്കുന്നത്. |
| (ഡി) | കുമാരപുരം കുടുംബാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കുമാരപുരം പി.എച്ച്.സി.ക്ക് 14 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.മുഖേന നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ